**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1848** **15-03-2022 - ൽ മറുപടിയ്ക്ക്**

**ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള വാഹനങ്ങളുടെ രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ആംബുലൻസ് സേവനങ്ങൾക്കായി ഉപയോഗിക്കുന്നതിന് ഇതര സംസ്ഥാനങ്ങളിൽ നിന്ന് വാങ്ങുന്ന വാഹനങ്ങൾക്ക് കേരളത്തിൽ രജിസ്ട്രേഷൻ നിഷേധിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതിന് ഗതാഗത വകുപ്പ് സെക്രട്ടറിയുടെ ഓഫീസിലെ B2/429/2021/ഗതാ. തീയതി 23.11.2021-ലെ ഫയലിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ; | (എ) | ഇത് സംബന്ധിച്ച വിഷയം പരിശോധിച്ച് അനന്തര നടപടി സ്വീകരിക്കുന്നതിനായി, 23.11.2021 – ലെ, ബി2/429/2021-ഗതാ. നമ്പർ കത്ത് പ്രകാരം ഗതാഗത കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത വാഹനങ്ങൾ ആംബുലൻസുകളായി രൂപമാറ്റം വരുത്തിയിട്ടുള്ളത് നിയമപരമായിട്ടല്ലാത്തതിനാലാണ് കർണ്ണാടകത്തിൽ നിന്ന് കൊണ്ടുവന്ന വാഹനങ്ങൾക്ക് രജിസ്ട്രേഷൻ നിഷേധിച്ചതെന്ന് ഗതാഗത കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് ഗതാഗത കമ്മീഷണർ സർക്കാരിന് ശിപാർശ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഇത് സംബന്ധിച്ച വിഷയം പരിശോധിച്ച് അനന്തര നടപടി സ്വീകരിക്കുന്നതിനായി, 23.11.2021 – ലെ, ബി2/429/2021-ഗതാ. നമ്പർ കത്ത് പ്രകാരം ഗതാഗത കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത വാഹനങ്ങൾ ആംബുലൻസുകളായി രൂപമാറ്റം വരുത്തിയിട്ടുള്ളത് നിയമപരമായിട്ടല്ലാത്തതിനാലാണ് കർണ്ണാടകത്തിൽ നിന്ന് കൊണ്ടുവന്ന വാഹനങ്ങൾക്ക് രജിസ്ട്രേഷൻ നിഷേധിച്ചതെന്ന് ഗതാഗത കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | കോവിഡ് കാലത്തെ പ്രത്യേക സേവനം നിർവ്വഹിക്കുന്നതിന് ഇതര സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവന്ന വാഹനങ്ങൾക്ക് കേരളത്തിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | കേന്ദ്ര മോട്ടോർ വാഹന ചട്ടം 2(zb) പ്രകാരമുള്ള നിർവചനത്തിൽ ഉൾപ്പെടുന്നതും ചട്ടം 125(f) - ൽ പ്രതിപാദിച്ചിട്ടുള്ള ആംബുലൻസ് ബോഡി കോഡ് പ്രകാരം നിർമ്മിച്ചിട്ടുള്ളതുമായ വാഹനങ്ങൾ മാത്രമാണ് ആംബുലൻസായി രജിസ്റ്റർ ചെയ്യാൻ അനുമതിയുള്ളത്. 1988 - ലെ മോട്ടോർ വാഹന നിയമത്തിലെ 52-ാം വകുപ്പ് പ്രകാരം, മാനുഫാക്ചറർ ഒറിജിനലായി സ്പെസിഫൈ ചെയ്യാത്ത ഇനങ്ങളിൽ മാറ്റം വരുത്താൻ പാടുള്ളതല്ല. |

സെക്ഷൻ ഓഫീസർ